# 'തെങ്ങിന്റെ ചങ്ങാതിയാകൂ, വരുമാനം നേടൂ': പരിശീലനം തുടരുന്നു

കൊച്ചി ● കേന്ദ്ര നാളികേര വികസന ബോർഡിന്റെ യന്ത്രവൽകൃത തെങ്ങുകയറ്റ പരിശീലന പരിപാടി രണ്ടാം ഘട്ടത്തിലേക്ക്.

ചങ്ങാതിക്കൂട്ടത്തിന്റെ ഭാഗമായി ആറു ദിവസത്തെ പരിശീലനത്തിനു തിരഞ്ഞെടുക്കപ്പെടുന്നവർക്ക് കേര കൃഷിയുടെ ശാസ്ത്രീയ വശങ്ങളെക്കുറിച്ചും പരിപാലന രീതിയെക്കുറിച്ചും വിദഗ്ധർ ക്ലാസുകളെടുക്കും. തെങ്ങുകയറ്റം, തെങ്ങുകയറ്റ യന്ത്ര പരിചയം, വിത്ത് തേങ്ങാ സംഭരണം, ആശയ വിനിമയം, സമ്പാദ്യശീലം, കൃത്രിമ പരാഗണം, മരുന്നു തളിക്കൽ, സങ്കരണ വിദ്യ തുടങ്ങിയവയാണ് പാഠ്യവിഷയം. പതിനെട്ടിനും 40 നും ഇടയിൽ പ്രായമുള്ള ഏഴാം ക്ലാസെങ്കിലും പാസായ യുവതീയുവാക്കൾക്കാണ് പരിശീലനം. ഓരോ ജില്ലയിലും രണ്ടാംഘട്ട പരിശീലനം പൂർത്തിയാക്കുന്ന 500 പേർക്ക് തെങ്ങുകയറ്റ മെഷീനും നാളികേര വികസന ബോർഡ് സൗജന്യമായി നൽകുന്നു.

എറണാകുളം ജില്ലയിൽ ഈ മാസം നടത്തുന്ന പരിശീലനത്തിന് ഉണ്ണിക്കൃഷ്ണൻ (മാസ്റ്റർ ട്രെയിനർ) 9744908114, എം.എ. ലീനാമോൾ (ജില്ലാ ചാർജ് ഓഫിസർ) 9447818993 എന്നിവരുമായി ബന്ധപ്പെടണം.